പത്രക്കുറിപ്പ്
6-7-2018

### കുടുംബശ്രീയുടെ 'ഹർഷം' ജെറിയാട്രിക് കെയർ പദ്ധതി വൻ വിജയമാകുന്നു

## ജില്ലയിൽ പരിശീലനം ലഭിച്ച എല്ലാവർക്കും മികച്ച ശമ്പളത്തോടെ തൊഴിൽ

തിരുവനന്തപുരം: പരിചരിക്കാൻ ആരുമില്ലാത്തവർക്ക് സാന്ത്വനം ഉറപ്പാക്കുന്ന 'ഹർഷം' ഹാപ്പിനെസ് റീഡിഫൈൻഡ് എന്ന കുടുംബശ്രീയുടെ പുതിയ പദ്ധതി വൻ വിജയമാകുന്നു. വയോജന പരിചരണ മേഖലയിൽ സേവന സന്നദ്ധതയോടെ പ്രവർത്തിക്കുന്നവരുടെ ആവശ്യകത വർധിച്ചു വരുന്ന സാഹചര്യത്തിൽ കുടുംബശ്രീ മുഖേന സംസ്ഥാനമൊട്ടാകെ പരിശീലനം ലഭിച്ച വനിതകൾക്കാണ് തുടക്കത്തിൽ തന്നെ പ്രതിമാസം ഇരുപതിനായിരം രൂപ വരെ ശമ്പളം വാഗ്ദാനം ചെയ്ത് വിവിധ ഏജൻസികൾ രംഗത്തെത്തിയത്. ഈ രംഗത്തെ സേവനദാതക്കളായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ളാനിങ്ങ് ആൻഡ് പ്രമോഷൻ കൗൺസിൽ, ഹാപ്(ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ), എന്നിവയുമായി ചേർന്നാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വയോജന പരിചരണ മേഖലയിൽ ഈ വർഷം ആയിരം വനിതകൾക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം.

'ഹർഷം' ജെറിയാട്രിക് കെയർ പദ്ധതിയിലൂടെ മുതിർന്ന തലമുറയ്ക്ക് ആരോഗ്യ സംരക്ഷണം ഉൾപ്പെടെയുള്ള ആവശ്യമായ സേവനങ്ങൾ തികച്ചും പ്രഫഷണൽ രീതിയിൽ ആശുപത്രികളിലോ വീടുകളിലോ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആശുപത്രികളിലും വീടുകളിലും രോഗികൾക്ക് കൂട്ടിരുപ്പ് പരിചരണം, കൃത്യമായ ഇടവേളകളിൽ ആഹാരം, മരുന്ന് നൽകൽ, വീടുകളിൽ ഷുഗർ, രക്തതമ്മർദം എന്നിവയുടെ പരിശോധന, കൂടാതെ കിടപ്പു രോഗികൾക്ക് കിടക്ക വൃത്തിയാക്കൽ, കുളിപ്പിക്കൽ, മരുന്നു നൽകൽ എന്നിവ ഉൾപ്പെടെ ആവശ്യാധിഷ്ഠിത സേവനങ്ങൾ, ബിൽ കൊടുക്കൽ, വൈദ്യ പരിശോധന എന്നിവയ്ക്ക് കൂട്ടു പോകൽ തുടങ്ങിയവയാണ് പദ്ധതി വഴി ലഭ്യമാകുന്ന സേവനങ്ങൾ.

വയോജനങ്ങൾക്ക് അവർക്കാവശ്യമുള്ള പരിചരണം അവശ്യസമയത്ത് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിന്നും തിരഞ്ഞെടുത്ത 69 പേർ ഇതിനകം റെസിഡൻഷ്യൽ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഇതിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ളാനിങ്ങ് ആൻഡ് പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നിംസ് മെഡിസിറ്റിയുമായി ചേർന്ന് ജില്ലയിൽ പരിശീലനം നൽകിയ പതിനേഴ് വനിതകൾക്കാണ് 'ആശ' ജെറിയാട്രിക് കെയർ, ഫാമിലി പ്ളാനിങ്ങ് അസോസിയേഷൻ ഓഫ് ഇൻഡ്യ എന്നിവിടങ്ങളിലായി പതിനേഴായിരം രൂപ ശമ്പളത്തോടെ ജോലി വാഗ്ദാനം ലഭിച്ചത്. പരിശീലന പരിപാടി പൂർത്തിയാകും മുമ്പു തന്നെ വിവിധ ജില്ലകളിൽ നിന്നും നിരവധി ആശുപത്രികളും ജെറിയാട്രിക് കെയർ സ്ഥാപനങ്ങളും വ്യക്തികളും വയോജന പരിചരണത്തിനും രോഗീപരിചരണത്തിനും സേവനദാതാക്കളെ ലഭിക്കുന്നതിനായി കുടുംബശ്രീയെ സമീപിച്ചിട്ടുണ്ട്.

പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ പരിപാടിയുടെ ഉദ്ഘാടനം നെയ്യാറ്റിൻകര നഗരസഭാ അധ്യക്ഷ ഡബ്ളിയു.ആർ ഹീബ നിർവഹിച്ചു. നിംസ് മെഡിസിറ്റി മാനേജിങ്ങ് ഡയറക്ടർ എം.എസ്.ഫൈസൽ ഖാൻ അധ്യക്ഷത വഹിച്ചു. സർട്ടിഫിക്കറ്റ് വിതരണവും മുഖ്യപ്രഭാഷണവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ നിർവഹിച്ചു. 'ആശ' ജെറിയാട്രിക് കെയർ മാനേജിങ്ങ് ഡയറക്ടർ സതി, ഫാമിലി പ്ളാനിങ്ങ് അസോസിയേഷൻ ഓഫ് ഇൻഡ്യ ഉപാധ്യക്ഷൻ കെ.കെ.ഷിബു എന്നിവർ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള ജോബ് ഓഫർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോറിനു കൈമാറി. നിംസ് മെഡിസിറ്റി ജനറൽ മാനേജർ ഡോ.സജു സ്വാഗതം പറഞ്ഞു. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ളാനിങ്ങ് ആൻഡ് പ്രമോഷൻ കൗൺസിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ വിമൽ രവി ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.കെ.ആർ.ഷൈജു നന്ദി പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ